**പ്രഫസർ അനിൽകുമാറിന്റെ പ്രഭാഷണം– വ്യാഴാഴ്ച തോറും**

**പ്രശാന്തി സന്ദേശം- ഉപാഖ്യാനം 259**

# സമതുലനാവസ്ഥ പുലർത്തുന്നത്

**MAINTAINING A STATE OF BALANCE**

**സെപ്തംബർ 19, 2024**

ഓം ശ്രീ സായിരാം!

പ്രശാന്തി സന്ദേശം നിങ്ങളെ സ്വാഗതം ചെയ്യുന്നു.

## തുറന്ന മനോഭാവത്തോടെ കേൾക്കുക
## LISTENING WITH OPEN-MINDEDNESS

നാം ഭഗവാനെ കേൾക്കുമ്പോൾ, വെറുതെ കേട്ടാൽ പോരാ. നാം അവിടുന്നിനെ ശ്രദ്ധിച്ചു കേൾക്കേണ്ടിയിരിക്കുന്നു. നമ്മോടു പറയപ്പെട്ട ചില നിസ്സാരമായ കാര്യങ്ങൾ കേട്ടിട്ട് മറന്നുകളയാനാവും. എന്നാൽ ചില കാര്യങ്ങളുണ്ട്, അവ നാം ശ്രദ്ധിക്കുകയും ജീവിതകാലത്തേക്ക് ഓർത്തുവയ്ക്കുകയും വേണം!

## നാം ബോധോദയത്തിനായി തയ്യാറെടുത്തിട്ടില്ല
## WE ARE NOT PREPARED FOR ENLIGHTENMENT

ആദ്യത്തെ വസ്തുത ബോധോദയം സംബന്ധിച്ചാണ്. നാം ബോധോദയത്തിനായി തയ്യാറെടുത്തിട്ടില്ല എന്നുതന്നെയല്ല, ആ ദിശയിൽ നാം ഒരു ശ്രമവും നടത്തുന്നുമില്ല. നമുക്ക് ഇന്റർവ്യൂ കിട്ടാത്തപ്പോൾ നാം നിരാശരാണ്; ഭഗവാൻ നമ്മുടെ നേരെ



നോക്കാത്തപ്പോൾ നമുക്ക് നിരാശയാണ്; അവിടുന്ന് നമ്മുടെ കത്ത് വാങ്ങിയില്ലെങ്കിൽ നമുക്ക് വിഷമമാണ്. വാസ്തവത്തിൽ, ഇന്റർവ്യൂ കിട്ടുന്നവരോടും ഭഗവാൻ കത്ത് വാങ്ങുന്നവരോടും നമുക്ക് വലിയ തോതിൽ അസൂയയാണ്. “മേലിൽ പാദനമസ്കാരം ഇല്ല” എന്ന് ഭഗവാൻ പ്രഖ്യാപിച്ചപ്പോൾ നാം എല്ലാ പ്രതീക്ഷയും കൈവിട്ടു, നമ്മുടെ ജീവിതംതന്നെ നഷ്ടമായപോലെ.

നമ്മുടെ പെരുമാറ്റത്തിന്റെ ഈ സവിശേഷതകൾ വെളിവാക്കുന്നത് നാം ബോധോദയ(enlightenment)ത്തിനായി തയ്യാറെടുത്തിട്ടില്ല എന്നാണ്. 'എന്തുകൊണ്ട്' എന്നും 'എന്തുകൊണ്ടില്ല' എന്നും നാം ചോദ്യം ചെയ്തു തുടങ്ങുമ്പോൾ, അപ്പോൾ നാം ബോധോദയത്തിനായി തയ്യാറെടുത്തിട്ടില്ല എന്ന് നമുക്ക് ഉറപ്പിക്കാനാവും. കഷ്ടമുള്ള സംഗതി എന്തെന്നാൽ നാം തുച്ഛമായ കാര്യങ്ങളുടെ പുറകെയാണ്. ബാബയുടെ അത്ഭുത കൃത്യങ്ങളെക്കുറിച്ച് കേൾക്കാനാണ് ആളുകൾക്ക് താത്പര്യം, അവ ബാബയുടെ അഭിപ്രായപ്രകാരം വിഷയങ്ങളേയല്ല. അവിടുന്നു പറയുന്നു, "എന്റെ ദിവ്യത്വവുമായി താരതമ്യം ചെയ്യുമ്പോൾ, എല്ലാ ചമത്കാരങ്ങളും അനുഭവങ്ങളും ഒരു കൊതുകിനോളമേ വരൂ, മറ്റേത് ഒരു ആനയുടെ വലിപ്പവും." ഈ കൊതുകിനു സമാനമായ ചമത്കാരങ്ങളിൽ നാം എത്രമാത്രം മയങ്ങിയിരിക്കുന്നു എന്ന് ഈ പ്രസ്താവന കാണിക്കുന്നു.




## ഒരു ചമത്കാരമെന്നത് കേവലമൊരു വിസിറ്റിംഗ് കാർഡ്
## A MIRACLE IS JUST A VISITING CARD

അവിടുന്ന് രണ്ടാമതൊരു കാര്യം കൂടി കൂട്ടിച്ചേർത്തു, "ഈ ചമത്കാരങ്ങളും അനുഭവങ്ങളുമൊക്കെ, ഈശ്വരനുണ്ടെന്ന് നിങ്ങൾക്ക് കാട്ടിത്തരാനുള്ള കേവലം വിസിറ്റിംഗ്(ബിസിനസ്)കാർഡ് ആണ്" എന്ന്. കാരണം വളരെക്കാലമായി എല്ലാം നിങ്ങളുടെ നിയന്ത്രണത്തിലാണ് എന്ന ധാരണയിലായിരുന്നു നിങ്ങൾ. "എനിക്ക് അടക്കി ഭരിക്കാനാവും, എനിക്ക് നിയന്ത്രിക്കാനാവും, ഞാനാണ് സർവവും." ഇത്തരത്തിലുള്ള അഹംഭാവം, ഇത്തരം മമകാരം(I-ness) അധികമധികം വിപുലമാവുകയും ദിനം തോറും വർദ്ധിച്ചുവരികയും ചെയ്യുന്നു. അതുകൊണ്ട്, നമ്മുടെ ജീവിതത്തിൽ ഒരു സ്പീഡ്-ബ്രെയ്ക്കർ കടന്നുവരുന്നു-ഒന്നുകിൽ ഒരു ഭാര്യ അല്ലെങ്കിൽ ഒരു ഡോക്ടർ അതുമല്ലെങ്കിൽ നിങ്ങളുടെ നല്ല മഹത്തായ ആത്മാവ്. ഉദാഹരണമായി, ഡോക്ടർമാർ നിങ്ങളെ പരിശോധിച്ചിട്ടു പറയുന്നു, "ഇത് സംശയമുള്ള ഒരു കേസാണ്." അപ്പോൾ നാം പൊടുന്നനെ ആദ്ധ്യാത്മികതയിലേക്ക് തിരിയുന്നു. അപ്പോൾ, ആദ്ധ്യാത്മികത അഥവാ ഈശ്വരൻ ചിത്രത്തിലേക്ക് വരുന്നത് നാം തോൽക്കുമ്പോഴാണ്. നമ്മിൽ മിക്കവരുടെയും കാര്യം ഇങ്ങനെയാണ്.

എന്നിട്ട് എന്തു സംഭവിക്കുന്നു? കാര്യങ്ങൾ അനുകൂലമാവുമ്പോൾ-രോഗമുക്തി പോലെ അഥവാ ജോലിയിൽ പ്രമോഷൻ പോലെ-നാം അതൊരു 'ചമത്കാര'മായി കരുതുന്നു. ഇതാണ് നാം ചിന്തിക്കുന്നത്, ഇവിടെയാണ് മതിഭ്രമം എന്തെന്നാൽ, ഒരു ചമത്കാരമെന്നത് ഒരു വിജയമാവണമെന്നില്ല. പരാജയവും ഒരു ചമത്കാരമാണ്. ജനനവും മരണവും, വിജയവും പരാജയവും എല്ലാം ചമത്കാരങ്ങളാകുന്നു. അതിനാൽ, ചമത്കാരങ്ങളുടെ നേർക്കുള്ള നമ്മുടെ മനോഭാവം പരിഷ്കരിക്കേണ്ടത് ആവശ്യമാണ്.

പുട്ടപർത്തി സന്ദർശിക്കുന്ന മിക്ക ആളുകളും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടണമെന്ന് ആഗ്രഹിക്കുന്നവരാണ്. ഭഗവാൻ അവരെ ഉടനടി സഹായിക്കുന്ന തരത്തിൽ കൃപാലുവാണ്. ഇത്തരത്തിൽ, നാം ഒരു തരത്തിലുള്ള വിശ്വാസം വളർത്തുകയും അവിടുന്നിനോട് മമതയുള്ളവരാവുകയും ചെയ്യുന്നു. പക്ഷേ പിന്നീടാണ് പ്രശ്നം ഉദിക്കുന്നത്, ഓരോ ദിവസവും ചമത്കാരങ്ങൾ സംഭവിക്കണമെന്ന് നാം പ്രതീക്ഷിക്കുന്നു. അതാണ് ദുരന്തം. നാം നിരന്തര വിജയത്തിനായും മേൽക്കോയ്മയ്ക്കായും കൊതിക്കുന്നു. ഒരു 'ചമത്കാര'ത്തെക്കുറിച്ചുള്ള നമ്മുടെ സങ്കൽപം ഇതാണ്.



ഭഗവാൻ ഇന്റർവ്യൂ മുറിയിൽ

പുട്ടപർത്തിയിലേക്ക് നമ്മളെ കൊണ്ടുവന്നത് എന്താണെന്ന് നാം ചിന്തിക്കുമ്പോൾ(കുടുംബപരം അല്ലെങ്കിൽ തൊഴിൽപരമായ പ്രശ്നങ്ങൾ), നമുക്കു കാണാം ആ പ്രശ്നം നെഗറ്റീവായിരുന്നെങ്കിൽക്കൂടി, അതാണ് നമ്മെ ഇവിടെയെത്തിച്ചത്, അതുകൊണ്ട് അത് പോസിറ്റീവാണ്. ഇപ്രകാരം, ഒരു നെഗറ്റീവായ കാര്യം പോലും നമുക്ക് പോസിറ്റീവായതെന്തോ തരുന്നു!!

അപ്പോളെന്താണ് ഒരു 'ചമത്കാരം'(miracle)? ഉദാഹരണത്തിന്, ഗുരുതരമായ രോഗം ബാധിച്ച ഒരു വ്യക്തി ഭഗവാന്റെയടുത്തു വരുന്നു. ആ രോഗം വാസ്തവത്തിൽ അയാൾക്ക് അത്രമേൽ അനുഗ്രഹപ്രദമായിരിക്കുന്നു-രോഗം അയാളെ ആദ്ധ്യാത്മികപാതയിൽ എത്തിച്ചിരിക്കുന്നു. അല്ലായിരുന്നെങ്കിൽ അയാൾ ആ പ്രശ്നത്തിൽ പെട്ട്, അയാളുടെ ജീവിതം തനിക്ക് സ്വയവും മറ്റുള്ളവർക്കും ഒരു പ്രശ്നമായേനേ. അതുകൊണ്ട്, ഒരു വീഴ്ച പോലും ഒരു 'ചമത്കാര'മാകുന്നു.

## മരണം എന്നത് ജീവിതത്തിന്റെ വസ്ത്രമാകുന്നു
## DEATH IS THE DRESS OF LIFE

എന്റെ ഒരു സുഹൃത്ത് പെട്ടെന്ന് പ്രശാന്തിനിലയത്തിൽവച്ച്, ബാബയുടെ ജന്മദിനാഘോഷവേളയിൽ, മരണപ്പെട്ടു. പൊടുന്നനെയായിരുന്നു ആ മരണം. അതൊരു ദുരന്തമായി തോന്നിക്കുമെങ്കിലും, നാം ചിന്തിച്ചാൽ, അദ്ദേഹം തന്റെ കടമയും വോളന്റിയർ എന്ന നിലയ്ക്കുള്ള സേവയും ചെയ്തു, അദ്ദേഹം വലിയ ഒരു ഭക്തനുമായിരുന്നു. ഒരു നിമിഷം വയ്യാതെ വന്നു, ഏതാനും സെക്കന്റുകൾക്കകം അദ്ദേഹം മരിച്ചു. നാം ആലോചിക്കുകയാണെങ്കിൽ നമുക്കു കാണാം, അസുഖമായി വീട്ടിൽ കിടപ്പായി കുടുംബത്തിനു ബുദ്ധിമുട്ടുണ്ടാക്കാതെ അദ്ദേഹം വേഗം കടന്നുപോയി. അതുകൊണ്ടാണ് ഭഗവാൻ പറയുന്നത്, ''മരണം എന്നത് ജീവിതത്തിന്റെ വസ്ത്രമാകുന്നു.'' അപ്പോൾ, മോശം കാര്യങ്ങളിൽ പോലും നല്ലത് എന്തെങ്കിലുമുണ്ടാവും എന്ന് നമുക്ക് കാണാവുന്നതാണ്, നല്ല കാര്യങ്ങളിൽ പോലും മോശവും.




## ആദിമ കാരണത്തിലേക്ക് പോവുക
## GO TO THE PRIMAL CAUSE

ഒരു ഫിലിം ഒരു സ്ക്രീനിൽ പതിപ്പിക്കപ്പെടുമ്പോൾ, ആ സ്ക്രീനിലെ പ്രതിബിംബങ്ങളൊന്നും യഥാർത്ഥമല്ല. പക്ഷേ, ആ സ്ക്രീനില്ലാതെ നമുക്ക് ഫിലിം കാണാനാവില്ല, അതുകൊണ്ട് സ്ക്രീൻ അവശ്യമാണ്. ഒരു വെള്ളപ്പൊക്കം അഥവാ അഗ്നിബാധ ചിത്രീകരിക്കുന്ന ഒരു ഫിലിം നാം കാണുമ്പോൾ, ആ സ്ക്രീനിന് തീ പിടിക്കുന്നതായോ അത് നനയുന്നതായോ നാം കാണുന്നില്ല! അതിനൊന്നും സ്ക്രീനിൽ ഒരു

പ്രഭാവവുമില്ല, സ്ക്രീൻ അതേപടി തുടരുന്നു. ഇതിനർത്ഥം, സ്ക്രീൻ എന്നത് ആദിമ തത്വമാണ് എന്നാണ്. അത് അടിസ്ഥാനം അഥവാ പശ്ചാത്തലം ആകുന്നു, ജീവിതം അതിനു മുകളിൽ പ്രക്ഷേപിക്കപ്പെടുന്നു.

അതുകൊണ്ട്, ഭഗവാൻ പറയുക സുഖവും ദു:ഖവും പോലെയുള്ളതൊന്നും ഇല്ല എന്നാണ്. സ്ക്രീനിന്റെ കാര്യം പോലെ, ആദിമ കാരണത്തിലേക്ക് പോവുക. മാറ്റ മൊന്നുമില്ലാത്ത അതാണ് അടിത്തറ, അത് യാതൊന്നിനോടും പ്രതികരിക്കു ന്നില്ല, പ്രതിപ്രവർത്തിക്കുന്നില്ല, അത് ഒരു പ്രതിബിംബത്തെ പ്രതിഫലിപ്പിക്കുക മാത്രം ചെയ്യുന്നു. ഒരു പ്രതികരണവുമില്ല അതിൽ.



ആ നിശ്ചലതയെയാണ് സാക്ഷി(witness) എന്നു വിളിക്കുക. ആ സാക്ഷി നമ്മുടെ നേർ സത്ത(our true being), നമ്മുടെ നേർ പ്രകൃതം, ആകുന്നു. ഫിലിം സ്ക്രീനിന് മാറ്റമില്ലാത്തതുപോലെ, ആത്മാവ്, പ്രജ്ഞാവബോധം, മാറ്റമില്ലാതെ ഇരിക്കുന്നു. ഈ സത്തയുടെ അവസ്ഥ(state of being) ഒരു അദ്വൈതാവസ്ഥയാണ്, അതിനെ യാണ് സാക്ഷി എന്നു വിളിക്കുന്നത്.




ഭഗവാൻ പറയുന്നത് മുഴു വൻ ആദ്ധ്യാത്മിക പ്രക്രിയ എന്ന ആശയ വും, അത് ആരാധനയാവ ട്ടെ, ജപമാവട്ടെ, ധ്യാനമാ വട്ടെ, അഥവാ ശാസ്ത്രഗ്ര ന്ഥങ്ങളുടെ പാരായണമാ വട്ടെ, അന്തിമ ലക്ഷ്യമെ ന്നത് ആത്മാവിനെ നിത്യ സാക്ഷിയായി അനുഭവി ക്കുക(to experience the Self as the eternal Witness) എന്നതു മാത്രമാണ്. ആത്മാവ് നിത്യസാക്ഷിയാണ്. അത് അദ്വൈതമാണ്, ഒരു തരത്തിലുള്ള അനുഭവവും അതിനെ

ബാധിക്കുന്നില്ല. നമുക്ക് ഭഗവാനുമായുള്ള ബന്ധം കാരണം, നാം ഈ സാക്ഷിയെ അഥവാ ആത്മാവിനെ, ഒരു ദിവസം അല്ലെങ്കിൽ മറ്റൊരിക്കൽ സാക്ഷാത്കരിക്കും.

## സന്തുലനാവസ്ഥ പാലിക്കുക
## MAINTAIN THAT STATE OF BALANCE

നാം ഒരു ഇന്റർവ്യൂവിന് വിളിക്കപ്പെടുമ്പോൾ, ഭഗവാനുമായുള്ള നമ്മുടെ വിനിമയം അങ്ങേയറ്റം ഉത്തേജകമാണ്. ലോകത്തിന്റെ കേന്ദ്രമാണ് നാം എന്ന് നമുക്ക് തോന്നി പ്പോവും! നാം വിശ്വത്തെ അനുഭവിക്കും, ഈ അവതാരത്തിന് നമ്മളെ ആവശ്യമുണ്ട് എന്ന് നമുക്ക് തോന്നും. ഭഗവാൻ നമുക്ക് അത്രയ്ക്ക് പ്രാധാന്യ ഭാവമാണ് തരിക. ഇന്റർവ്യൂമുറിയിൽനിന്ന് പുറത്തു വരുമ്പോൾ നാം ദിവ്യ ഔന്നത്യത്തിലാണെന്നാണ് തോന്നുക.

പക്ഷേ അടുത്ത ദിവസം എന്താണ് സംഭവിക്കുക? അവിടുന്ന് കടന്നു പോവുമ്പോൾ, അവിടുന്ന് നിങ്ങളുടെ മുമ്പിൽ വന്നു നിന്ന് അകലേക്ക് നോക്കും. സ്വാമി നമ്മെ തിരി ച്ചറിയുന്നതിന്റെ യാതൊരു സൂചനയും തരാത്തപ്പോൾ, നമ്മൾ ആരുമല്ലെന്ന് നമുക്ക് തോന്നുന്നു. സ്വാമിക്ക് നമ്മൾ എല്ലാമാണെന്ന് ഇന്നലെയാണ് നമുക്ക് തോന്നിച്ചത്, എന്നാൽ ഇന്ന് നാം ആരുമല്ലാതായിരി ക്കുന്നു.



There is a method by which the demands of the senses can be reconciled and harmonised. This is by treating both good and bad with equal-mindedness.

എന്തുകൊണ്ടാ ണിത്? ഇവിടെ രണ്ടു വസ്തുതകളു ണ്ട്. ആദ്യത്തേത്, ഇന്റർവ്യൂ അനുവദി ക്കപ്പെടുമ്പോഴും അതില്ലാത്തപ്പോഴും ഒരേ സന്തുലനാ വസ്ഥ നാം പാലിക്കേണ്ടിയിരിക്കുന്നു. ഒരു സന്തുലന മന:സ്ഥിതി പാലിക്കാൻ നമു ക്കാവണം. ഇനി രണ്ടാമതായി, ഭഗവാൻ നിർമമത്വം(detachment) എന്തെന്നും കാണി ച്ചുതരുന്നു. “ഞാൻ നിങ്ങളോട് സംസാരിക്കുന്നു എന്നതുകൊണ്ട്, എനിക്ക് നിങ്ങ

ളോട് മമതയുണ്ട് എന്നില്ല. ഇല്ല!'' മമത(attachment) ഇല്ല ഇവിടെ. ഒരു വി.ഐ.പി.യുടെ കാര്യത്തിൽ പോലും ഇത്തരമൊരു കാര്യം സംഭവിക്കാം.

അപ്പോൾ, ഈ ധാരണയും സന്തുലനവും ബാബയുടെ സമത്വ(സമചിത്തത)ത്തെക്കുറിച്ച്, സമസ്ഥിതി(a balanced state of mind)യെപ്പറ്റിയുള്ള പ്രബോധനമാകുന്നു. ഒരുവൻ അപ്രകാരം തുടരുകയാണെങ്കിൽ, അപ്പോൾ അവന്റെ/അവളുടെ ജീവിതം ശരിക്കും ഒരു ആദ്ധ്യാത്മിക ജീവിതമാവും. എന്നാണ് നമുക്കത് വളർത്താനാവുക? നല്ലതും ചീത്തയും അന്തിമമായി നമ്മുടെ നല്ലതിനുവേണ്ടി മാത്രമാണ് എന്ന് നാം അംഗീകരിക്കുമ്പോൾ. ഇതിനെയാണ് 'ശരണാഗതി'(surrender)യെന്നു വിളിക്കുന്നത്.

എങ്ങനെയാണ് നാം ശരണാഗതിയെ നിർവചിക്കുക? ശരണാഗതി വളരെ ലളിതമാ




ണ്. ജീവിതത്തിൽ സംഭവിക്കുന്ന എന്തിനുവേണ്ടിയുമുള്ള തയ്യാറെടുപ്പ്. അത് നിസ്സഹായത അല്ല. ഒരുവൻ സമചിത്തതയോടെ ഇരിക്കുകയും ആത്മശാന്തി പുലർത്തുകയും ചെയ്യുക. ബാബയുടെ അഭിപ്രായപ്രകാരം ഒരു സന്തുലന മന:സ്ഥിതി വളരെ അത്യന്താപേക്ഷിതമാണ്.

സമചിത്തത ലഭിക്കുക സാധ്യമാണോ? ഇതിന്, ഭഗവാൻ പറഞ്ഞിട്ടുള്ളത് സാധ്യമാണ് എന്നാണ്. അല്ലായിരുന്നെങ്കിൽ അവിടുന്ന് അതിലേക്ക് നമ്മുടെ ശ്രദ്ധ




ആകർഷിക്കില്ലായിരുന്നു. അതെങ്ങനെ നേടുമെന്ന് പറഞ്ഞുതരുന്നതിന് ഈശ്വരൻതന്നെ ഇവിടുണ്ട്.

കൂടുതൽ ദിവ്യ മാർഗനിർദ്ദേശങ്ങൾക്കു വേണ്ടി അടുത്ത ലക്കത്തിനായി നമുക്ക് കാക്കാവുന്നതാണ്.
നിങ്ങളുടെ സമയത്തിന് നന്ദി,

ഓം സായിരാം!

(തുടരും)



**പ്രഫ. അനിൽകുമാർ കാമരാജു** – (***Sai-Chology*** പേജ് 84-89)
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)